# SWARAM

2024



*A Little Kites Production*

SDV GHS ALAPPUZHA

# സ്വരം

VOL.1 PAGE NO :

മാനേജിങ് എഡിറ്റർ

അപർണ ശങ്കർ


ജോയിന്റ് മാനേജിങ് എഡിറ്റർ

ശ്രീലക്ഷ്മി S

എഡിറ്റോറിയൽ ബോർഡ്

അഫ്ര എൻ
അതുല്യ ഉല്ലാസ്
എയ്ഞ്ചൽ എസ
അങ്കിത അനിൽ
ദേവിക പി എസ്

ശിജി ശിവൻ
ജയശ്രീദേവി ഡി




COVER DESIGN

KARTHIKA S

E MAIL:35003alappuzha@gmail.com

# EDITORIAL



സ്വരം...

ഇത് സനാതന ധർമ്മ ബാലികാ വിദ്യാലയത്തിലെ പെൺകുട്ടികളുടെ ശബ്ദമാണ് ..ഞങ്ങളുടെ അക്ഷരങ്ങളുടെ പാദസര കിലുക്കമാണ് .അതിനൊപ്പം ഡിജിറ്റൽ പബ്ലിഷിംഗ് എന്ന അനന്ത സാധ്യതകൾ ഉള്ള ഒരുനൂതനസംരംഭത്തിലേക്കുള്ള ചുവടുവയ്പുക്കൂടിയാണ് .ഞങ്ങളുടെ ചില കുത്തികുറിക്കലുകൾ ,നിങ്ങളുമായി പങ്കുവയ്ക്കുന്നു. സനാതന ധര്മ ബാലികാ വിദ്യാലയത്തിലെ പെൺകുട്ടികൾ ഒന്നിലും പുറകോട്ടല്ല ..അപ്പോള് വായിച്ചു നോക്കുമല്ലോ അല്ലെ ഞങ്ങളുടെ സ്വരം

അപർണ്ണ ശങ്കർ
മാനേജിംഗ് എഡിറ്റർ



# CONTENT




5


പവിഴമല്ലി

ഞങ്ങളുടെ മരം

6

ഫാ ബോബി ജോസ് കട്ടിക്കാട്

വരദാനം പോലെ




7

സീത

കവിത




8



ROBERT GALBRAITH

THE AUTHOR



ഇലന്ത

അനുഭവക്കുറിപ്പ്

10

18

BOOK REVIEW

ANCIENT PROMISE



15

ചില സന്ദേശങ്ങൾ

കവിത

16

സ്കൂളിലൂടെ






# പവിഴമല്ലി

## ഞങ്ങളുടെ മരം

ദേവിക ബൈജു

എല്ലാ വിദ്യാലയങ്ങൾക്കും അതിന്റേതായ എന്തെങ്കിലുമൊക്കെ പ്രത്യേകതകൾ ഉണ്ടായിരിക്കും ,,ഞങ്ങളുടെ വിദ്യാലയത്തിനുമുണ്ട് അങ്ങനെ ധാരാളം പ്രത്യേകതകൾ .അവയിൽ ഒന്നാണ് 118 വർഷമായി ഞങ്ങളുടെ സ്കൂൾ മുറ്റത്തു നറുമണം ചൂരത്തി നിൽക്കുന്ന ഞങ്ങളുടെ സ്വന്തം പവിഴമല്ലി .പവിഴനിറച്ചുവടും ,8 വെള്ള ഇതളുകളുമായി വിരിഞ്ഞിറങ്ങുന്ന അതിസുന്ദരി. സനാതന ധർമ്മ വിദ്യാശാല ബാലികാ വിദ്യാലയത്തിന്റെ പെൺകുട്ടിളുടെ പവിഴ വർണവും വെള്ളയും ചേർന്ന യൂണിഫോമിന് കരണഭൂതയായവൾ ..ഞങ്ങളുടെ സ്വന്തം പവിഴമല്ലി . അവളുടെ കഥയാണ് ഇവിടെ എഴുതപെടുന്നത് .അവൾ കാരണം ഉണ്ടായ വളരെ പ്രശംസ പിടിച്ച പറ്റിയ ഒരു യൂണിഫോം ന്റെ കഥയും .

ശോബലിക ,ഖരപത്രിക ,പാരിജാത എന്നി പേരുകളിൽ അറിയപ്പെടുന്ന പവിഴമല്ലി ശരിക്കും അമേരിക്കകാരിയാണ് .ഒലിയെസ് കുടുംബത്തിൽ പെടുന്ന ഇവളുടെ ശാസ്ത്രീയനാമം നിക്റ്റെന്തെസ് അർബൻ ട്രിസ്റ്റിസ് എന്നാണ് .ഫ്ലോറിഡായാണ് ജന്മദേശം .ഹിന്ദു പുരാണത്തിൽ വളരെ ഉന്നതസ്ഥാനത്തിനു അർഹയാണ് ഇവൾ .ഇവളുടെ പൂവുകളിൽ ദേവി വാസം ഉണ്ടെന്നാണ് വിശ്വാസം.പാലാഴി മഥനം നടന്നപ്പോൾ ഉത്ഭവിച്ചു എന്നാണ് വിശ്വാസം. ഭഗവാൻ കൃഷ്ണൻ തന്റെ ഭാര്യ സത്യഭാമയ്ക്ക് വേണ്ടി നന്ദനോദ്യാനത്തിൽ നിന്ന് പറിച്ചുണ്ട് വന്ന ഭൂമിയിൽ നട്ടുവളർത്തി എന്നാണ് വിശ്വാസം. ഈ നന്ദനോദ്യാനം അങ്ങ് ഫ്ലോറിഡയിൽ ആണോന്നു ചോദിക്കരുത് ..കഥയിൽ ചോദ്യമില്ല .

രാത്രിയിൽ പൂത്തുലയുന്ന അവളുടെ അഭൗമ്യ സുഗന്ധം കാരണം പാരിജാതമെന്നും ,രാത്രിമുല്ലയെന്നും ഇവൾക്ക് നാമമുണ്ട് .പവിഴ നിറം പൂണ്ട ഇവളുടെ പൂ ഞെട്ടിൽ നിന്നും ,പട്ടു തുണികൾക്ക് പവിഴനിറം നൽകുന്ന നിറം ഉത്പാദിപ്പിക്കുന്നുണ്ട്.പരിസ്ഥിതിയെ ഫിൽറ്റർ ചെയ്യുന്ന ഒരു ജോലി കൂ ടി ഇവൾ ചെയ്യുന്നുണ്ട് .ആയുർവേദ ഔഷധമായും ഇവളെ ഉപയോഗപ്പെടുത്തുന്നുണ്ട് .

1962 ൽ വിദ്യാർഥികളുടെ എണ്ണക്കൂടുതൽ കാരണം സനാതന ധർമ വിദ്യാശാല ബോയ്സ് ,എന്നും ഗേൾസ് എന്നും രണ്ടായി വിഭജിക്കപ്പെട്ടു.പെൺകുട്ടികളുടെ യൂണിഫോം ന്റെ കളർ എന്താവണം എന്ന അന്വേഷണമാണ് അന്നത്തെ സ്കൂൾ ലീഡർ രാജലക്ഷ്മി യെ പവിഴമല്ലിയിലേയ്ക്ക് ആകർഷിച്ചത് .പവിഴമല്ലിത്തറയിൽ വീണുകിടക്കുന്ന പൂക്കൾ കൂട്ടിയെടുത്ത മാനേജ്മെന്റ്നു മുന്നിൽ അവൾ കാര്യം അവതരിപ്പിച്ചു.എല്ലാവർക്കും അതിഷ്ടമാവുകയും ചെയ്തു .അങ്ങനെ പവിഴമല്ലി സനാതന ധർമ വിദ്യാശാലയുടെ ഭാഗമായി ..ഇതു കഥയല്ല യഥാർത്ഥ സംഭവം ആണേ....സന്താന ധർമ വിദ്യാശാല യുടെ ചരിത്രത്തിലെ ഒരേട്

ഇന്നും മാറാതെ നിൽക്കുന്ന ഞങ്ങളുടെ സ്വന്തം യൂണിഫോം കളർ ..ഞങ്ങളും ഇവളെ പോലെ ..





# ഫാ.ബോബി ജോസ് കട്ടിക്കാട്

അന്ന ശ്രീ

**വായിക്കും തോറും വലിച്ചടുപ്പിക്കുന്ന ആൾ : ഫാദർ ബോബ്ബ്യ് ജോസ് കട്ടികാട്ടിൽ**

ഫാദർ ബോബ്ബ്യ് ജോസ് കട്ടികാട് ,ഏവർകും പ്രിയങ്കരനായ ബോബി അച്ചൻ .ആലപ്പുഴക്കാരുടെ സ്വന്തം കപ്പൂച്ചിൻ അച്ചൻ .എളിയ ജീവിതത്തിന്റെ ഉദാത്ത മാതൃകാ .അഞ്ചപ്പം കൊണ്ട് അയ്യായിരം പേരെ ഊട്ടിയ ആ വലിയ ഇടയന്റെ യഥാർത്ഥ അനുയായി .ആലപ്പുഴയുടെ ജനകീയ ഭക്ഷണശാലയ്ക്ക് അടിത്തറ പാകുവാൻ കാരണമായ കപ്പൂച്ചിൻ മെസ്സിന്റെയും ,അഞ്ചപ്പത്തിന്റെയും രക്ഷാധികാരി .വിശക്കുന്നവനു അന്നം ഊട്ടാൻ സാദാ സന്നദ്ധനായിട്ടുള്ളവൻ .ഭൂമിയിലെ ഏറ്റവും നല്ല കുശലം പറച്ചിൽ "വല്ലതും കഴിച്ചോ എന്ന് ചോദിക്കുന്നതാണെന്നു ഉള്ള സത്യം പഠിപ്പിച്ച ചിന്തകൻ ,എഴുത്തുകാരൻ,വാഗ്മി,അഭിനേതാവ് ,അതിലുപരി ഒരു യഥാർത്ഥ ഗുരുനാഥൻ.

നിങ്ങൾ എന്റെ ശരീരത്തെ അല്ല കണ്ണുകളിലേക്കു നോക്ക് എന്ന് കയർത്ത പ്രണയിനിയെ പോലെ ,നിങ്ങൾ എന്നിലെ മനുഷ്യനെ കാണൂ ,മതത്തെ അല്ലെന്നു പറഞ്ഞ യഥാർത്ഥ മനുഷ്യസ്നേഹി .സാധാരണ മനുഷ്യർക്കു ആർക്കും തോന്നാത്ത അനുതാപം പകർന്നു നൽകിയ ആൾ .ബോബിയച്ചൻ ശരിക്കും ഒരു കടലാണ്.അറിയും തോറും ആഴം കൂടുന്ന കടൽ.മനസ്സിലെ സകല കുറ്റബോധങ്ങളും ,അനാവശ്യ ചിന്തകളും ഒഴുക്കി കളയാൻ പറ്റുന്ന കടൽ .

20 അധികം പുസ്തകങ്ങൾ എഴുതിയ എഴുത്തുകാരൻ .ഓരോ പുസ്തകങ്ങളും ഓരോ കടലുകളാണ്.ഗംഗയാണ്,സംസം ആണ് ,ജോർദാൻ നദിയാണ് .വായിക്കും തോറും നമ്മൾ പരിശുദ്ധരാകുന്നു .അഗ്നിയെ പോലെ ."അഗ്നിയെ ഇദം ന മമ "

ബോബിയച്ചനെ അടുത്തറിയാൻ അദ്ദേഹത്തിന്റെ ജീവിത വീക്ഷണങ്ങൾ അറിയാൻ അദ്ദേഹത്തിന്റെ പുസ്തകങ്ങളിലൂടെ ഒന്ന് പോയിവന്നാൽ മതി.വായിച്ചാലും ,വായിച്ചാലും തീരാത്ത അമൃത കലശങ്ങൾ ...അവയില്നിന്നെല്ലാം തന്നെ നമ്മൾ വായിച്ചിരിക്കേണ്ട പുസ്തകങ്ങളുടെ സൂചികകൾ നമുക്കു ലഭിക്കും .മഹാന്മാരായ എഴുത്തുകാരുടെ പുസ്തകങ്ങൾ പരിചയപ്പെടുത്തി എത്ര മനോഹരമായാണ് അച്ചൻ അവയെ ജീവിതവുമായി സംയോജിപ്പിക്കുന്നത് .

മനുഷ്യനെ കുറിച്ച അച്ചനുള്ള ഏറ്റവും വലിയ കാഴ്ചപ്പാട്ഇങ്ങനെയാണ് ,"വിചാരണയെ ,പരിഭവമോ,മത്സരമോ .താരതമ്യമോ ആവശ്യമില്ലാത്ത വിധം എത്ര സമ്പന്നരാണ് നമ്മൾ ."ജീവിതം ഒരു ചലച്ചിത്രത്തോളമെങ്കിലും നിശബ്ദതായും ,ശ്രദ്ധയും അർഹിക്കുന്നുണ്ടെന്നുനമ്മളെഓര്മിപ്പിക്കുന്നയാൾ .ഭൂമിയിലുണ്ടായ എല്ലാ സംഘർഷങ്ങളും സോദരഹത്യയുടെ കഥകൾതന്നെയാണെന്നുസങ്കടപെടുന്നയാൾ .അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ആത്മീയതയ്ക്ക് രണ്ടു മാനങ്ങൾ ഉണ്ട് ,കുരിശു പോലെ ,ഈശ്വരനിലേയ്ക്ക് കോപ്പിയ കൈകളും ,സഹോദരനിലേയ്ക്ക് വിടർത്തിയ കരങ്ങളും .ഒന്നിന് വേണ്ടി മറ്റൊന്നിനെ മറന്നുതുടങ്ങുമ്പോൾ അത് അപക്വതയുടെ ഉപമയാകുന്നു.

പറഞ്ഞാലും പറഞ്ഞാലും തീരാത്ത അത്രത്തോളം ആഴവും പരപ്പുമുള്ള അദ്ദേഹത്തിന്റെ വാക്കുൾ കണ്ടു കേട്ട് അറിഞ്ഞിരിക്കാൻ പറ്റിയ അവസരമായിരുന്നു ഈ വർഷത്തെ സ്കൂൾ വാർഷികാഘോഷം ഞങ്ങൾ കുട്ടികൾക്ക് നൽകിയ ഏറ്റവും വലിയ സമ്മാനം .കുട്ടികളെ വിലക്കരുത് എന്നദ്ദേഹം ഓർമിപ്പിച്ചു.കുട്ടികളെ പ്രതി നിങ്ങൾ കുറ്റസമ്മതം നടത്തുവിൻ എന്നദ്ദേഹം പറഞ്ഞു.ഈ ലോകത്ത് എഴുതപെട്ട എല്ലാ പുരാണങ്ങളിലും,മത ഗ്രന്ഥങ്ങളിലും ശിശു ഹത്യയും ബാലപീഡനവും ഉണ്ടെന്നുഅദ്ദേഹം പറഞ്ഞു .ശരിയാണ്,കൃഷ്ണനും.ക്രിസ്തുവും ഏലാം അതിനിരകളാണല്ലോ

അറിവിന്റെ ഒരു വലിയ ഭണ്ഡാരം തുറന്നു കാണിച്ച പ്രിയപ്പെട്ട ബോബിയച്ച അവിടുത്തേക്കു സ്വരത്തിന്റെ മുകുളാഞ്ജലി .

# സീത



കൃഷ്ണപ്രിയ എം.ആർ

അങ്ങുതാഴെ  രത്നഗർഭയായി ഇരുന്നു
ചിരിച്ചു സീത ..
ഇങ്ങു മേലെ നടക്കും നാടകങ്ങൾ  കണ്ടു

വന്നുവോ ത്രേതായുഗമതു വീണ്ടും
ഹേമ ,കാഞ്ചന മൂർത്തിയായോ പെണ്ണ്
പെണ്ണിനോ ആത്മാഭിമാനമെന്നു
ആശ്ചര്യമൂറുന്ന കാലമാണ് ...
ധർമയുഗത്തിലോ ,പെണ്ണ് കുലസ്ത്രീ
ദൃഷ്ടി ഉയർന്നാലോ ബ്രഹ്മഹത്യപാപം
ത്രേതാ യുഗമതു: വീണ്ടും വന്നുവോ
പെണ്ണ് പരിത്യക്തയാകുന്ന കാലം

നാടിനും ,മണ്ണിനും കാടിനും വേണ്ടി
മാനത്തിനു വേണ്ടി ,മനുഷ്യത്വത്തിന് വേണ്ടി
മുഷ്ടി ചുരുട്ടി പെണ്ണലറി  വിളച്ചെങ്കിൽ
ആണിനൊപ്പം വേണമെനിക്
മാനാഭിമാനങ്ങൾ,സ്വത്വം  നിലപാടും

എങ്കിൽ നീ നിശാചാരി താടക ആയിടും
കൊന്നു മുടിച്ചിടും അഭിനവ രാമന്മാർ
നട്ടെല്ലില്ലാത്ത പുരുഷനഹോ കഷ്ടം
കാലം കൊടുത്തപേര് രാമനെന്നല്ലയോ

ആരെയോ ബോധ്യപെടുത്തുവാനെന്നോണം
പാവകൻ തന്നിൽ പതിക്കണം പെണ്ണവൾ
അന്നമൂട്ടുന്ന കൃഷീവലനോ ,ശരഭംഗനായി
രാമനാൽ തല വെട്ടപ്പെടേണ്ടവൻ

മാനാഭിമാനമില്ലാത്ത പുരുഷനാൽ ,പെണ്ണോ
പരിത്യക്തയായിടും കാലമിതു
അധികാരചക്രത്തിലമരുന്ന പുരുഷനവനാൽ
ആരണ്യമകംപുക്കു പെൻ്ണ്ണിവൾ

യുദ്ധത്തിലൂടയോദ്ധ നിര്മിച്ചിട്ടതിൽ
സീതയില്ല സീത രാമനെ പ്രതിഷ്ഠിച്ചു
സീത ,പരിത്യക്ത എന്ന് മറിച്ചിട്ടു
കാഞ്ചന സീതയെ കൊത്തി  നിറച്ചിട്ടു
 സീതാറാം ,ജപിക്കുന്ന കാലമിതു

സീത ചിരിച്ചു ,കാലമേ ,കാലമേ ..
എന്നിവൾ  മോചിത യാകും കാലമേ
ഇനി ദ്രൗപതി വരും ,ഹിഡിംബി വരും,
ദുശ്ശള വരും,ഭാനുമതി വരും

ഇനിയും സഹിക്കാനോ കുലസ്ത്രീപട്ടം ചൂടി
മുടിയഴിച്ചിട്ടലറി കരഞ്ഞു ചോദിക്കണം
എവിടെന്നവകാശം ,എവിടെന്ന് ധർമം
ഇല്ലെങ്കിൽ
പെണ്ണെ ,നീ കുലസ്ത്രീ ആക്കപെടും ,
മറകുടയിൽ ഒളിക്കപെടും
നീ ഒന്നുമല്ലാതാക്കപ്പെടും

അരുത് ...ഇനി വേണ്ടൊരു സീത വേറെ ....



# Robert Galbraith alias J K ROWLING The fantacy creater

Angel Marry

ROBERT Galbraith is the pseudonym adopted by J.K. Rowling for her crime fiction novels. Rowling chose to write under a different name to explore a new genre without the pressure and expectations associated with her immensely popular "Harry Potter" series. The first novel published under the Galbraith pseudonym was "The Cuckoo's Calling," released in 2013.

Galbraith's novels are known for their intricate plots, well-developed characters, and gritty realism. The protagonist of the series, Cormoran Strike, is a war veteran turned private detective who tackles complex cases in contemporary London. Galbraith's writing style differs from Rowling's in its darker tone and adult themes, catering to fans of the crime fiction genre.

Despite Rowling's attempts to keep her identity as Galbraith a secret, her authorship was eventually revealed, leading to a surge in popularity for the Galbraith novels. Despite this revelation, Galbraith continues to be a respected pseudonym in the literary world, allowing Rowling the freedom to explore different genres and writing styles outside the realm of wizardry and magic.


Overall, Robert Galbraith's novels provide readers with compelling mysteries, engaging characters, and a fresh perspective on J.K. Rowling's storytelling prowess beyond the wizarding world of Harry Potter.

Robert Galbraith is the pseudonym chosen by the acclaimed author J.K. Rowling for her foray into the world of crime fiction. Widely known for her iconic "Harry Potter" series, Rowling sought the anonymity of a pen name to embark on a new literary journey without the weight of her prior success. Under the guise of Robert Galbraith, Rowling crafted a series of gripping crime novels that captivated readers with their intricate plots and compelling characters.

This essay will delve into the world of Robert Galbraith, exploring the origins of the pseudonym, the themes and style of the Galbraith novels, and the impact of Rowling's dual identity on the literary landscape. From the debut of "The Cuckoo's Calling" to the revelation of Rowling as the mastermind behind… Rowling sought the anonymity of a pen name to embark on a new literary journey without the weight of her prior success. Under the guise of Robert Galbraith, Rowling crafted a series of gripping crime novels that captivated readers with their intric

ate plots and compelling characters.

This essay will delve into the world of Robert Galbraith, exploring the origins of the pseudonym, the themes and style of the Galbraith novels, and the impact of Rowling's dual identity on the literary landscape. From the debut of "The Cuckoo's Calling" to the revelation of Rowling as the master mind behind Galbraith's works, this exploration will shed light on the evolution of one of the most intriguing pseudonyms in contemporary literature.




Books of Robert Galbraith

- The cukoos Calling
- The Silk Worm
- The Career of Evil
- Lethal White
- Troubled blood
- The Inkblack Heart
- The Running Grave

Books of J K Rowling

•Harry Potter and the Philosopher's Stone" (also known as "Harry Potter and the Sorcerer's Stone" in the US)
•Harry Potter and the Chamber of Secrets"
•Harry Potter and the Prisoner of Azkaban"
•Harry Potter and the Goblet of Fire"
•Harry Potter and the Order of the Phoenix"
•Harry Potter and the Half-Blood Prince"
•Harry Potter and the Deathly Hallows"



# ഇലന്ത മരം



# ഒരു മരം കയറലിന്റെ കഥ

## ഇലന്ത മരം

ഞങ്ങൾ കുട്ടികൾക്ക് സ്കൂളിൽ ചിലവഴിക്കാൻ ഏറ്റവും ഇഷ്ടം ,ഇലന്ത മരത്തിന്റെ ചോടാണ് .ജനുവരി ,ഫെബ്രുവരി മാസത്തോടെ ഇലന്ത മരം ആകെ പൂത്തു കായ്ക്കും .പിന്നെ ഞങ്ങൾ അതിന്റെ ചുവട്ടിൽ തന്നെയാണ് .മൂത്തു പഴുത്തു നിക്കുന്ന ലന്ത പഴം കിട്ടണമെങ്കിൽ ചില്ലറ ഭാഗ്യമൊന്നും പോരാ ..എത്ര ക്ലാസ്സിലെ കുട്ടികളോട് വഴക്കിട്ടലാണ് ഒരെണ്ണം കിട്ടുക ..ടീച്ചർമാർക്ക് എന്തറിയാം ..കൊച്ചുകുട്ടികളെ എന്തിനാ വഴകടീച്ചതെന്നു ചോദിച്ചു കണ്ണുരുട്ടുന്ന അവർക്കറിയോ ,ആ മീശറു പിള്ളാര് അടിച്ചോണ്ടു പോണ ലന്തപ്പഴം .കൈനിറച്ചു ലന്തപ്പഴോം കിട്ടി ,ആ ഇലന്ത മരത്തിൽ ചാരി ഇരുന്നു അത് കടിച്ച തിന്നാന് ഒരു സുഖോണ്ടാലോ ...എന്റെ ടീച്ചറെ ....അത് പറഞ്ഞറീകാൻ പറ്റില്ല



കുലുക്കി തക്കത്... പഴം വീണോ



ആഞ്ഞ് കുലുക്കി..... ഐലസാാാാാ

വീഴുന്നു ..... ലന്തപ്പഴമതു.....

.....വീഴുന്നുണ്ട്.....



ഒത്തിരിയ കിട്ടിയല്ലോ..... ലന്തപ്പഴമതു.....





ണ്ടു

# ഇനിം കിട്ടീ



സന്തോഷമായി..................

**അപണർണ്ണ ശങ്കർ**

# ചില സന്ദേശങ്ങൾ

ദേവിക പി എസ്



ചില സന്ദേശങ്ങൾ

ചില സന്ദേശങ്ങൾ അങ്ങനെയാണ്
വെന്തുരുകുന്ന മനസ്സിന്റെ ആലയിലേയ്ക്ക്
ഒരു മാരിപെയ്ത്പോൽ പെയ്തിറങ്ങും
പൊട്ടിത്തെറിച്ചപോം അഗ്നിപർവ്വത
ലാവകളിൽ ഹിമപാതം പോൽ പടരും

ആളിപടരുകൾക്കു ചാറ്റൽ മഴയായ്
സാന്ത്വനമരുളും ,കുളിരുപകരും
ആ മഴപെയ്ത്തിൽ പുതുമണ്ണിന്റെ ഗന്ധം
പോൽ
സ്നേഹമതോ നിറഞ്ഞൊഴുകും

വാക്കിന്റെ കൂരമ്പുകളാൽ ചീന്തപ്പെട്ട
ആഴത്തിലുള്ള മുറിവുകളിൽ
വെണ്ണപോലെ കുളിർമയാകും
മഞ്ഞളായി മുറിക്കൂട്ടും

ചില സന്ദേശങ്ങൾ അങ്ങനെയാണ്
കത്തുന്ന തലച്ചോറിന്റെ ആവേഗങ്ങളെ
സംഗീതത്തിന്റെ സ്വരസ്ഥാനങ്ങളാക്കിമാറ്റും


ചില സന്ദേശങ്ങൾ അങ്ങനെയാണ്
മറ്റൊരാളായി മാറാൻ തുടങ്ങുന്ന
നാമെന്ന സത്തയെ
നാമാക്കി തന്നെ നിലനിർത്തും

# ആത്മ വിദ്യാലയമേ



| | |
|---|---|
| ജില്ല | ആലപ്പുഴ |
| ഉപജില്ല | ആലപ്പുഴ |
| വിദ്യാഭ്യാസ ജില്ല | ആലപ്പുഴ |
| മാനേജർ | .എസ്. രാമാനന്ദ് |
| ഹെഡ്മിസ്ട്രസ് | ആർ ജയശ്രീ |

THERE IS NO RELIGION HIGHER THAN TRUTH




BOOK REVIEW

"THE ANCIENT PROMISES"

SREELEKSHMI S

Jaishree Misra's "Ancient Promises" is a compelling exploration of family, tradition, and the complexities of modern Indian life. Set against the vibrant backdrop of Kerala, India, this novel weaves together the stories of two generations of women, spanning decades and continents.The narrative unfolds through the eyes of Priya, a young wo man born and raised in London, who returns to her ancestral homeland in India to discover her roots.

As she delves into her family's history, she uncovers secrets, betray als, and long-buried truths that challenge her understanding of her own identity.Misra's prose is evocative and richly descriptive, transporting readers to the lush landscapes of Kerala and immersing them in the sights, sounds, and smells of Indian life. Through vivid imagery and au thentic dialogue, she brings her characters to life, capturing the nuances of their relationships and the intricacies of their emotions.


Sajith Photography